"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്- കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്വകാര്യ കമ്പനികൾ നടത്തുന്ന ചിട്ടികളുടെ നറുക്ക് / ലേലം-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (സി ) വകുപ്പ്**

G.O.(Rt)No.714/2020/TAXES തീയതി,തിരുവനന്തപുരം, 23/10/2020

---

പരാമർശം:- 1 25.05.2020 തീയതിയിലെ സ.ഉ.(സാധാ) നം.347/2020/നി.വ നമ്പർ ഉത്തരവ്

2 31/07/2020 ലെ H2/146/2020/നി.വ നമ്പർ കത്ത്

3 21.08.2020, 23.09.2020 തീയതികളിലെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ IGR/2029/2020-C2 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കോവിഡ് 19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്വകാര്യ കമ്പനികൾ നടത്തുന്ന എല്ലാ ചിട്ടികളുടെയും 24.03.2020 മുതൽ 30.05.2020 വരെയുള്ള കാലയളവിലെ ചിട്ടികളുടെ നറുക്ക് / ലേലം മാറ്റിവെച്ച് ടി കാലയളവിലെ എല്ലാ ചിട്ടികളുടെയും കാലാവധി 2 മാസം അധികരിക്കുന്ന തരത്തിൽ ജൂൺ മാസം മുതൽ തുടർച്ചയായി നറുക്ക് / ലേലം എന്നിവ നടത്തി അവസാനിപ്പിക്കേണ്ടതാണെന്ന് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ചിട്ടി കമ്പനികളുടെ നറുക്ക് / ലേലം തിരിച്ചടവ് എന്നിവ നിറുത്തി വയ്ക്കാൻ പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. 13/08/2020 തീയതി മുതൽ 16/09/2020 വരെ സർക്കാർ പരാമർശം (2) പ്രകാരം മുടങ്ങിയ ചിട്ടികളുടെ ലേലം/നറുക്ക് പുനരാരംഭിക്കുന്നതിനും മിനിറ്റ്സ് ഫയലിംഗിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകാൻ പരാമർശം (3) പ്രകാരം IGR അപേക്ഷിച്ചിരിക്കുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

a.സംസ്ഥാനത്തെ സ്വകാര്യ ചിട്ടി കമ്പനികളുടെ നറുക്ക്/ലേലം എന്നിവ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ നടത്തുവാൻ അനുമതി നൽകുന്നു.

b.സർക്കാർ നിർദ്ദേശ പ്രകാരം മുടങ്ങിയ ചിട്ടികളുടെ ലേലം/നറുക്ക് എന്നിവ വരിക്കാർക്ക് ബുദ്ധിമുട്ടാകാത്ത രീതിയിൽ തുടർന്നു നടത്തുവാനും പുതുക്കിയ ലേല തീയതി വിവരം എല്ലാ വരിക്കാരെയും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാറേയും അറിയിക്കുവാൻ ചിട്ടി കമ്പനികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. അങ്ങനെയുള്ള ലേലങ്ങളുടെ മിനിറ്റ്സ്/ബാലൻസ് ഷീറ്റ് എന്നിവക്ക് പിഴ ഈടാക്കേണ്ടതില്ല.

c.കോവിഡ് 1 9 സാമൂഹ്യ വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഹോട്ട്സ്പോട്ട്/കണ്ടെൻമെന്റ് സോൺ/ട്രിപ്പിൾ ലോക്ക്ഡൗൺ/ക്ലസ്റ്ററുകൾ എന്നീ ക്രമീകരണങ്ങൾ നടപ്പിലാക്കുന്ന

പ്രദേശങ്ങളിൽ അത്തരം സാഹചര്യങ്ങളിൽ ചിട്ടി ലേലം/നറുക്ക് മാറ്റി വെച്ച വിവരം എല്ലാ വരിക്കാരെയും, ചിട്ടി ലേലം/നറുക്ക് തീയതികളിലെ മാറ്റങ്ങൾ ബന്ധപ്പെട്ട ഡെപ്യൂട്ടി രജിസ്ട്രാർമാരെയും അറിയിക്കാൻ ചിട്ടി കമ്പനികൾ ക്ക് നിർദ്ദേശം നൽകേണ്ടതാണ്. പ്രസ്തുത പ്രദേശങ്ങളിലെ നിയന്ത്രണങ്ങൾ മാറുന്ന മുറക്ക് അതെ മാസത്തിൽ മറ്റൊരു ദിവസമോ അടുത്ത മാസത്തിലോ ചിട്ടികളുടെ ലേലം നടത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA.K
ADDITIONAL SECRETARY

പകർപ്പ് : രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

അക്കൗണ്ടന്റ് ജനറൽ(A&E/Audit/G&SSA/E&RSA),കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ